ശ്രീമതി ഷീബ ഡേവിഡിന്റെ നിയമനം അംഗീകരിക്കുന്നതിന് നടപടി

35 (7592) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007 മുതൽ കൊല്ലം ഫാത്തിമ മാതാ നാഷണൽ (FMN) കോളേജിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്ത് വരുന്ന വിധവയും മൂന്ന് മക്കളുടെ അമ്മയുമായ ശ്രീമതി ഷീബ ഡേവിഡിനെ 2009-ൽ മാനേജ്മെന്റ് അപേക്ഷ ക്ഷണിച്ച് പ്യൂൺ തസ്തികയിൽ സ്ഥിരമായി നിയമിച്ചത് സർക്കാരിന്റെ മുൻകൂർ അനുമതിയോടെയല്ല എന്നുപറഞ്ഞ് പ്രസ്തുത നിയമനം റദ്ദ് ചെയ്യുകയും തുടർന്ന് സർക്കാർ അനുമതിയോടെ 2012-ൽ പുതിയ അപേക്ഷ ക്ഷണിക്കുകയും അപേക്ഷകയായ ശ്രീമതി ഷീബ ഡേവിഡിന് പുതിയ അപേക്ഷ നല്കുന്നതിന് പ്രായം അധികരിച്ചതിനാൽ ബഹു. മുഖ്യമന്ത്രിക്ക് നല്കിയ നിവേദനത്തെ തുടർന്ന് 23-2-2012-ലെ നമ്പർ 121/D3/12/ഉ.വി.വ. പ്രത്യേക ഉത്തരവ് അംഗീകരിച്ച് മാനേജ്മെന്റ് നിയമനം നല്കിയെങ്കിലും നാളിതുവരെ ഇവരുടെ നിയമനം അംഗീകരിച്ച് നല്കാത്തത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് ഇതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള വിധവകൾക്കും നിർദ്ധനർക്കും പ്രത്യേക പരിരക്ഷ നല്കി ഇറക്കുന്ന പല ഉത്തരവുകളും നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഇത്തരക്കാരിൽ ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ ഗൗരവതരമായ മനുഷ്യാവകാശ ലംഘനം ആണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരുടെ നിയമനം അടിയന്തരമായി അംഗീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം എഫ്.എം.എൻ. കോളേജ് മാനേജ്മെന്റ് നടത്തിയ നിയമനങ്ങൾ നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുന്നതിന് സർക്കാരിന്റെ 6-3-2014-ലെ 4043/ഡി.3/13/ഉ.വി.വ. നമ്പർ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

കൊല്ലം എഫ്.എം.എൻ. കോളേജിൽ എൽ.ജി.എസ്. ആയി നിയമിതയായ ശ്രീമതി ഷീബ ഡേവിഡിന്റെ അപേക്ഷ സർക്കാരിന്റെ 23-2-2012-ലെ 121/ഡി.3/12/ഉ.വി.വ. നമ്പർ കത്തിൽ നൽകിയ നിർദ്ദേശം അനുസരിച്ച് പരിഗണിക്കപ്പെട്ടതായതിനാൽ ശ്രീമതി ഷീബാ ഡേവിഡിന്റെ നിയമനത്തിന് അംഗീകാരം നൽകുവാൻ അനുമതി നൽകണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീമതി ഷീബ ഡേവിഡിന്റെ നിയമനം സംബന്ധിച്ച വിഷയത്തിൽ 2-7-2014-ൽ ലഭിച്ച കത്ത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ വിഷയത്തിൽ ഉടൻ തന്നെ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

പേഴ്സണൽ സ്റ്റാഫ് നിയമന വ്യവസ്ഥകൾ

36 (7593) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ ജീവനക്കാരെ നിയമിക്കുന്നത് ഏത് ചട്ടങ്ങൾ പ്രകാരമാണ് ;

(ബി) ഇതിനായി സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പും ഇതിനനുബന്ധമായി ഇറക്കിയ സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ ;

(സി) വിവിധ വകുപ്പുകളിലേക്കും സ്ഥാപനങ്ങളിലേക്കും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ഈ ചട്ടങ്ങളനുസരിച്ചാണോ ; അല്ലെങ്കിൽ അതുസംബന്ധിച്ച ചട്ടങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ ജീവനക്കാരെ നിയമിക്കുന്നത് 3-3-1959-ൽ പുറപ്പെടുവിച്ച സ.ഉ. (എംഎസ്.) നമ്പർ. 343 പ്രകാരമുള്ള സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള സ്പെഷ്യൽ റൂൾസിന്റെയും ഭേദഗതി/അനുബന്ധ ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കെ.എസ്.ആർ. ഭാഗം 1, ചട്ടം 140-ലെ നിബന്ധനകളനുസരിച്ചാണ് വിവിധ വകുപ്പുകളിലേക്കും സ്ഥാപനങ്ങളിലേക്കും ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്.

4540/വി.ഐ.പി./സി.എം./2014 നമ്പർ എൽ.എസ്.ജി.ഡി. ഫയലിലെ നടപടികൾ

37 (7596) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് 4540/വി.ഐ.പി./സി.എം./2014 നമ്പരായി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയലിൽ മുഖ്യമന്ത്രി നൽകിയ നിർദ്ദേശപ്രകാരം ആവശ്യമായ റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly